# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2023 ജനുവരി - ഫെബ്രുവരി

## നോമ്പുകാല ചിന്തകൾ



# JEROM'S ENGLISH ACADEMY

The Best Institute For



## IELTS & SPOKEN ENGLISH

സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള
പ്രത്യേക സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം


**ADMISSION STARTED**

*ONLINE & OFFLINE CLASSES*

15 Years of Experience

**PH: 8590638678, 9847891012**

Convent Junction, Manjummel



# സ്വസ്തി

2023 ജനുവരി – ഫെബ്രുവരി

രക്ഷാധികാരി
**റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, നിഷ ഷൈജു,**
**എബി റോഷിൻ,**
**ഷാൾട്ടൻ കൊറയ, ബെറ്റ്സി ബിജു,**
**ആൽഫിൻ സെബാസ്റ്റ്യൻ,**
**ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)

## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
പൈതൃകം
നോമ്പുകാല ചിന്തകൾ
യഥാർത്ഥമായ ഉപവാസം
അവന്റെ തിരുമുറിവിലേക്ക്
ഇടവക വാർത്തകൾ

Layout : **L.F. Press, Manjummel.**
Cover Picture : Aldrin Bliz Puthumana
Cover Design: **Shalton Correya Poovathumparambil**

## എഡിറ്റോറിയൽ




# ഭിന്നത മറന്ന് ഒന്നാവാം



**തി**രുക്കർമങ്ങൾ ആർക്ക് അഭിമുഖമാവണം എന്ന ആചാരവിഷയത്തിൽ മാത്രം തുടങ്ങി സുവിശേഷ മൂല്യങ്ങളോട് മുഖം തിരിക്കുന്ന സ്ഥിതിവിശേഷവും പ്രതിസന്ധികളും നാം നേരിൽ കാണുകയാണ്. ചില ചടങ്ങുകളുടെ പേരിൽ വൈരം കൊടുംപിരികൊള്ളുന്നു. സ്വത്തും സ്ഥാപനങ്ങളും പാളയത്തിൽ പട നയിക്കാൻ കാരണമാകുന്നു. കേരളസമൂഹത്തിൽ പുറമേ നിന്നും മറ്റ് പ്രശ്നങ്ങളില്ലാത്തതാവാം ആഭ്യന്തരപ്രശ്നങ്ങളിൽ രസിക്കാൻ പലർക്കും പ്രേരണയാകുന്നത്. ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് വേദനാജനകമാണ് ഈ പരിണതികളെല്ലാം. എന്നാൽ വിശ്വാസികളുടെ കുപ്പായമണിഞ്ഞ് ഈ കലുഷിതാന്തരീക്ഷത്തിൽ ആനന്ദിക്കുന്നവരുമുണ്ടാകാം.

ഇതിനിടയിൽ ഇക്കഴിഞ്ഞ ഫെബ്രുവരി 19ന് ദില്ലിയിൽ നടന്ന പ്രതിഷേധം കണ്ടില്ലെന്നു നടിക്കരുത്. നൂറുകണക്കിന് ക്രിസ്ത്യാനികളാണ് ജന്തർ മന്തിറിൽ ധർണയിൽ പങ്കെടുത്തത്. കത്തോലിക്കനെന്നോ അകത്തോലിക്കനെന്നോ ഭേദമില്ലാതെ ക്രൈസ്തവ വിശ്വാസികൾ ഒന്നായാണ് പ്രക്ഷോഭം നയിച്ചത്. നമ്മുടെ അയൽപക്കമായ കർണാടക ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ ക്രിസ്ത്യാനികൾക്കു നേരെ വർധിച്ചുവരുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ചായിരുന്നു ധർണ. മതേതര ഇന്ത്യയുടെ ചരിത്രത്തിൽ ക്രിസ്ത്യാനികൾക്കു നേരെ വ്യാജകേസുകളടക്കം ഏറ്റവുമധികം ക്രൂരനടപടികളുണ്ടായത് 2022-ൽ ആയിരുന്നു. ഏകദേശം അറുന്നോറോളം അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തു. ഈ അതിക്രമങ്ങൾ സുപ്രീം കോടതി ന്യായാധിപൻ നേതൃത്വം നൽകുന്ന സമിതി അന്വേഷിക്കണമെന്നതായിരുന്നു പ്രതിഷേധത്തിന്റെ ആദ്യലക്ഷ്യം. ഇതിനായി രാഷ്ട്രപതി ദ്രൗപതി മുർമുവിന് നിവേദനവും സമർപ്പിച്ചു.

കേരളത്തിൽ സ്വയം തമ്മിലടിച്ച് മെത്രാസനദേവാലയങ്ങൾ വരെ പൂട്ടിയിടാൻ കാരണക്കാരായവർ ഒന്നോർക്കണം. വിശുദ്ധ കുർബാനയർപ്പിക്കാൻ നിർമിച്ച ഓലമേഞ്ഞ മന്ദിരം പോലും അഗ്നിക്കിരയാക്കുന്നത് കണ്ട് മാറത്തടിച്ചു കരയുന്ന വിശ്വാസികൾ ഈ രാജ്യത്തുണ്ടെന്ന്! കേന്ദ്രഭരണപ്രദേശമായ ദാമനിൽ പരിശുദ്ധ കന്യകാമാതാവിന്റെ പേരിലുള്ള, നാനൂറ് വർഷം പൈതൃകമുള്ള ചാപ്പൽ പുരാവസ്തു വകുപ്പിന്റെ റിപ്പോർട്ട് പോലും തേടാതെ പൊളിച്ചു നീക്കാൻ പോകുന്നു. ഫുട്ബോൾ മൈതാനി നിർമിക്കാനാണത്രേ ചാപ്പൽ പൊളിക്കുന്നത്.

പ്രതിസന്ധികളാണ് എക്കാലവും ആത്മശക്തി എന്ന് സഭാചരിത്രം കാട്ടിത്തരുന്നുമുണ്ട്. എന്നാൽ, അനുകൂലമായ സാഹചര്യങ്ങൾ പരമാവധി ദൈവമഹത്വത്തിനായി ഉപയുക്തമാക്കുവാനുള്ള ബാധ്യത നമുക്കുണ്ട്. ആ സാധ്യതയിൽ വളർന്നാൽ പ്രതികൂലാന്തരീക്ഷത്തെ നേരിടാനുള്ള സ്ഥൈര്യം നമുക്ക് സ്വമേധയാ ലഭിക്കും. ഒന്നിച്ചു നിൽക്കാൻ വിപരീത സാഹചര്യങ്ങൾക്കായി കാത്തിരിക്കാതിരിക്കാം. സഹോദരർ ഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ് (സങ്കീ. 113:1).

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ






# ഇടയമൊഴി

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ടവരെ....

> ഞാൻ അന്വേഷിക്കുന്നത് സമാധാനമല്ല. മറിച്ച്, ഞാൻ പ്രാർത്ഥനയിലൂടെ ചോദിയ്ക്കുന്ന സമാധാനം എനിക്കു നൽകുന്നവന്റെ മുഖമാണ്.

യേശുവിനെ പിടിച്ച് ശിക്ഷിച്ചതിനുശേഷം ജനങ്ങളുടെ മുൻപിൽ കൊണ്ടുവന്നിട്ട് ഈ ലോകത്തിലെ രാജാവ് പറഞ്ഞു : 'ഇതാ മനുഷ്യൻ' 'Ecce Homo'. നാം ചിന്തിക്കുന്നത്, നാം ദൈവത്തെ അന്വേഷിക്കുകയാണെന്നാണ്. എന്നാൽ അവനാണ് നമ്മെ അന്വേഷിക്കുന്നത്. അവനെ കണ്ടെത്തണമെങ്കിൽ നിന്റെ ആത്മാവിന്റെ അനുഗ്രഹങ്ങളുടെ വാതിൽ തുറന്നിടണം. അതിനുള്ള വഴി എളിമയാണ്. എളിമയിലേക്കുള്ള വഴി അവന്റെ സ്നേഹത്തോട് അനുസരണയുള്ളവരാകുകയാണ്.

നോമ്പുകാലം ദൈവകൃപയുടെയു തിരിച്ചറിവിന്റെയും കൃപയിലേക്കുള്ള തിരിച്ചുപോക്കിന്റെയും കാലമാണ്. ഇത് തന്നെയാണ് അവന്റെ വചനത്തോടുള്ള അനുസരണവും അവന്റെ മുഖമന്വേഷണവും. ദൈവ കൃപയിലേക്ക് തിരിച്ചു പോകുമ്പോഴാണ് നിന്റെ ജീവന്റെ മഹത്വവും വിലയും നിയോഗവും നീ തിരിച്ചറിയുന്നത്.

ദൈവകൃപ തിരിച്ചറിയാൻ കൂദാശകളുടെ സ്വീകരണവും, വചന ധ്യാനവും, ചില കാര്യങ്ങളോട് അറിഞ്ഞുള്ള നിരസനങ്ങളും സഹായിക്കട്ടെ. ഇത് നമ്മെ നമ്മിലേക്കും, അപരനിലേക്കും നയിക്കട്ടെ. നിരസനങ്ങൾ സഹനങ്ങളാകുമ്പോൾ നല്ല സ്വീകരണങ്ങൾ ഉയിർപ്പുകളുമായി മാറും. എല്ലാവർക്കും വിശുദ്ധമായ ദിനങ്ങളുടെ അനുഗ്രഹവും ഉയിർപ്പിന്റെ സന്തോഷവും സമാധാനവും ആശംസിക്കുന്നു.

**ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**
വികാരിയച്ചൻ.





## ഈശോമിശാഹായ്ക്ക് സ്തുതിയായിരിക്കട്ടെ

തപസ്സുകാലം ദൈവവുമായി കൂടുതൽ അടുക്കാനും സഹോദരരെ കൂടുതൽ സ്നേഹിക്കാനും ഉള്ള "കാലം". പ്രാർത്ഥന, ഉപവാസം, പരിത്യാഗം, ദാനധർമ്മം എന്നീ പുണ്യങ്ങളാൽ ശരീരവും മനസ്സും സ്രഷ്ടാവായ ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കാം.

ദൈവവചനം ധ്യാനിച്ച് നാല്പ്പത് രാവും നാല്പ്പത് പകലും ചിലവഴിച്ച യേശുവിന് ദൈവവചനം കൊണ്ട് പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധിച്ചു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് (മത്തായി 4:4) എന്ന് പ്രഘോഷിച്ച് തിന്മയെ ജയിക്കാൻ യേശുവിനായി. നല്ല തീരുമാനങ്ങൾ എടുക്കാനും ജീവിക്കാനും കുടുംബങ്ങളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ നോമ്പുകാലത്ത് പ്രത്യേകിച്ചും ഈ കുടുംബ വിശുദ്ധീകരണ വർഷത്തിൽ നമുക്കാവട്ടെ.

ജീവിതത്തിന്റെ വിവിധ മേഖലകളിൽ ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ പ്രത്യാശയും ആത്മവിശ്വാസവും നിറയട്ടെ. ശൂന്യമായ കല്ലറയേക്കാൾ ഉപരിയായി ലോകമെമ്പാടും അനുനിമിഷം വളർന്നു കൊണ്ടിരിക്കുന്ന പീഡനങ്ങളെ അതിജീവിച്ചു മുന്നേറുന്ന സഭയിൽ നോക്കി സമാധാനത്തോടെ, സന്തോഷത്തോടെ ജീവിക്കാൻ നമുക്കാവട്ടെ.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ

പൈതൃകം





ഫാ. ജോസി കുര്യാപ്പിള്ളി ഒ.സി.ഡി.

# മഞ്ഞുമ്മൽ ആശ്രമ നിർമാണം

**1872 കന്നി 27 (സെപ്തംബർ - ഒക്ടോബർ)**

**"പിടിയരി" ശേഖരണത്തിൽ നിന്നും മഞ്ഞുമ്മൽ ആശ്രമത്തിന് നല്കിയ സാമ്പത്തിക സഹായം :-** അതിരൂപതാദ്ധ്യക്ഷൻ ലെയനാർഡോ മെല്ലാനോ സംഭാവനയായി ലഭിച്ച "പിടിയരി"യുടെ കൃത്യമായ കണക്ക് പരസ്യപ്പെടുത്തി. ഇതിൽ നിന്നും 200 രൂപ മഞ്ഞുമ്മൽ ആശ്രമത്തിന്റെ നിർമാണ സഹായത്തിനായി നല്കി.

(Pasterales Litterae Excelmi ac Revdmi Domini Leonardo Mellano Primi Archidiocesis Verapolitanae, 1893 - No. 30, P.93)

1873-ൽ മഞ്ഞുമ്മലിലെ താത്ക്കാലിക കപ്പേള Little Flower Press കെട്ടിടത്തിലേക്കു മാറ്റി. 1874 ഏപ്രിൽ 26-ന് മഞ്ഞുമ്മലിലെ പുതിയ ആശ്രമം ആശീർവദിക്കുകയും TOCD സഭ വീണ്ടും ആരംഭിക്കുകയും ചെയ്തു. അഭിവന്ദ്യ ലെയനാർഡോ മെല്ലാനോ പിതാവ് ലത്തീൻ റീത്തിൽപ്പെട്ടവർക്കു വേണ്ടി കർമ്മലീത്താ സന്ന്യാസ സഭ തുടങ്ങുവാൻ തീരുമാനിച്ചു. പുതുതായി പണിതീർത്ത ആശ്രമത്തിന് 77 മുറികളും വലിയ 3 ഹാളുകളും ഉണ്ടായിരുന്നു. ഇത് മൂന്നു നിലകളുള്ള വലിയൊരു കെട്ടിടമായിരുന്നു. കിഴക്കു നിന്ന് പടിഞ്ഞാറോട്ട് 160 അടി നീളവും വടക്കുനിന്ന് തെക്കോട്ട് 108 അടി വീതിയും ഉണ്ടായിരുന്നു. ഓരോ ഭാഗത്തിനും 60 അടി വീതിയും ഉണ്ടായിരുന്നു. പ്രധാന കെട്ടിടത്തിൽ നിന്നും മാറ്റി പണിതിരുന്ന Choir-ലേക്ക് കടക്കുവാനായി ഒരു ഇടുങ്ങിയ വരാന്ത പണിതിരുന്നു. പ്രധാന ദേവാലയത്തിന്റെ Sacristy നിർമ്മിച്ചിരുന്നത് Choir-ന്റെ താഴത്തെ നിലയിലായിരുന്നു. ഇതിന് 70 അടി നീളവും 30 അടി വീതിയുമുണ്ട്. ആശ്രമത്തിന്റെ

കെട്ടിടം ഒത്തിരി ദൂരെ നിന്നുംപോലും ഒരു മലമുകളിലെ ഭവനമെന്നപോലെ കാണാൻ കഴിയുമായിരുന്നു.

ഈ അനുഗ്രഹീത ദിനത്തിൽ ഫാ. ലൂയിസ് വൈപ്പിശ്ശേരി പുത്തൻപള്ളി സെമിനാരിയിൽ വച്ച് വൈദീകപട്ടം സ്വീകരിക്കുകയും മറ്റ് 9 ക്ലേരിമാർ സഭയിലേക്ക് ചേരുകയും ചെയ്തു. ഫാ. മാർസെല്ലിനൂസ് ആയി രുന്നു പുതിയ റെക്ടർ. അങ്ങനെ പത്ത് പുതിയ സഭാംഗങ്ങൾ അഭിവന്ദ്യ ലെയനാർഡോ മെല്ലാനോ പിതാവിൽ നിന്ന് സഭാവസ്ത്രം സ്വീകരിച്ചു. അവ രുടെ വസ്ത്രത്തിന്റെ നിറം ധവളമായിരുന്നു. അവരുടെ പേരുകൾ :-

1) Louis Vypisery of St. Mary, ഓച്ചൻതുരുത്ത്
2) Joseph D'yiepes of St Mary, വരാപ്പുഴ
3) John Fernandez of St. Theresa, വരാപ്പുഴ
4) Vincent Durron of St. Teresa, മാനാശ്ശേരി
5) Romeus panacherry of the Heart of Mary, മാനാശ്ശേരി
6) Averthanus pereira of Sacred Heart, പള്ളുരുത്തി
7) Brocard Evreth of Infant Jesus കൊച്ചി
8) Augustine Dias of St. John, എറണാകുളം
9) Michael Puthenparambil of the Holy Family, സൗദി

കൂടാതെ, രണ്ട് തുണ സഹോദരങ്ങളും, കൂനമ്മാവിൽ നിന്ന് അവ രോടൊപ്പം ചേർന്നു. ഇത് ചരിത്ര പ്രാധാന്യമുള്ള ഒരു കാര്യം കൂടിയാണ്. കൂനമ്മാവിൽ നിന്ന് മഞ്ഞുമ്മലിൽ വന്നു ചേർന്ന രണ്ടു തുണ സഹോദര ങ്ങളാണ്, Bro. Nicolas Verhouven ഉം Bro. Anastasius Vattathara യും.

(തുടരും)

## മൊഴിമുത്തുകൾ

കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്താടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ. (ജോയൽ 2 : 12)

നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു മടങ്ങുവിൻ. എന്തെന്നാൽ, അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്; ശിക്ഷ പിൻവലിക്കാൻ സദാ സന്നദ്ധനുമാണ് അവിടുന്ന്. (ജോയൽ 2 : 13)

ഈസ്റ്റർ ആഘോഷത്തിനു ഒരുക്കമായി നടത്തപ്പെടുന്ന നോമ്പ് ചില പൗരസ്ത്യ സഭക ളിൽ 50 ദിവസവും റോമൻ കത്തോലിക്കാ സഭയിൽ (ലത്തീൻ സഭ) 40 ദിവസ വുമായിട്ടാണ് ആചരിക്കപ്പെടുന്നത്.

റോമൻ കത്തോലിക്കാ സഭ യിൽ വിഭൂതി ബുധൻ മുതൽ നോമ്പ് ആരംഭിക്കുമ്പോൾ വിഭൂതി ബുധനു മുൻപു വരുന്ന തിങ്കൾ മുതലാണ് സീറോ മലബാർ സഭയിലും മലങ്കര സഭയിലും നോമ്പാചരണം തുടങ്ങുന്നത്.

റോമൻ കത്തോലിക്കാ സഭ യിലെ പാരമ്പര്യമനുസരിച്ച് വിഭൂതി ബുധൻ മുതൽ വലിയ ശനി വരെയുള്ള 40 ദിനങ്ങളാണ് നോമ്പു കാലമായി ആചരിക്കുന്നത്. ഞായർ കർത്താവിന്റെ ദിവസം ആയതു കൊണ്ട് (ആഴ്ചയിലെ ആദ്യദിന മായ ഉത്ഥാനദിനം) ഇതിനിടയിൽ വരുന്ന 6 ഞായറാഴ്ചകൾ നോമ്പു ദിനങ്ങളായി കൂട്ടാറില്ല. (ഇക്കാരണ ത്താലാണ് ഞായറാഴ്ചകളിൽ വിശുദ്ധരുടെ സ്മരണാദിനങ്ങൾ വന്നാലും ലത്തീൻ സഭയിൽ ഇടവക തിരുനാളൊഴികെയുള്ള തിരുനാളാചരണം അടുത്ത ദിവസ ത്തേക്കു മാറ്റിവയ്ക്കുന്നത്.) ഞായറാഴ്ച നോമ്പുദിനമായി കണക്കാക്കുന്നില്ല എന്നുകരുതി അന്ന് നോമ്പാചരണം ഒഴിവാക്കാം എന്നർഥമില്ല.

വിഭൂതി ബുധൻ മുതൽ വലിയ ശനി വരെയുള്ള 40 ദിവസങ്ങൾ കഴിഞ്ഞുവരുന്ന ദിവസമാണ് റോമൻ കത്തോലിക്കാ സഭയിൽ ഈസ്റ്ററായി ആചരിക്കുന്നത്. യേശു മരുഭൂമിയിൽ 40 ദിവസം ഉപവസിച്ചതിന്റെ സ്മരണയിലാണ് സഭയിൽ നോമ്പാചരണം ആരംഭി ച്ചത് എന്നതുകൊണ്ട് 40 ദിവ സത്തെ നോമ്പാചരണം എന്ന പാരമ്പര്യം വേദഗ്രന്ഥ പാരമ്പര്യ ത്തോടും ചേർന്നു നില്ക്കുന്നു. മേല്പറഞ്ഞതുകൂടാതെ,

**ഒട്ടേറെ പ്രത്യേകതകൾ 40 എന്ന സംഖ്യക്കു ബൈബിൾ നല്കുന്നുണ്ട്.**

1. നോഹയുടെ കാലത്തെ വെള്ള പ്പൊക്കം 40 ദിനം നീണ്ടു നില്ക്കുന്നുണ്ട് (ഉല്പ 7:12).
2. ഈജിപ്തിൽ നിന്നും ഒളിച്ചോ



ടുന്ന മോശ 40 വർഷങ്ങളാണ് മിദിയാനിൽ ആടുമേയിച്ചു നടക്കുന്നത് (അപ്പ്രപ 7:30).

3. 10 കല്പന ഏറ്റുവാങ്ങുംമുമ്പ് മോശ സീനായ് മലമുകളിൽ 40 രാവും പകലും പ്രാർഥനയിൽ ചെലവഴിക്കുന്നുണ്ട് (പുറ 24:18).
4. മോശ ഇസ്രായേൽ ജനത്തിനു വേണ്ടി 40 ദിവസങ്ങൾ ദൈവത്തോടു മധ്യസ്ഥപ്രാർഥന നടത്തുന്നുണ്ട് (നിയമാ 9:18).
5. ഇസ്രായേൽ ജനം കാനാൻ ദേശം ഒറ്റുനോക്കാനായി 40 ദിവസമാണെടുക്കുന്നത് (സംഖ്യ 13:25).
6. ഇസ്രായേൽ ജനം 40 വർഷം മരുഭൂമിയിൽ അലഞ്ഞു നടക്കുന്നുണ്ട് (നിയമാ 8:25).
7. ജസബെൽ രാജ്ഞിയിൽ നിന്നും രക്ഷപെട്ടോടുന്ന ഏലിയ 40 ദിവസമെടുത്താണ് ഹോറെബ് മലയിലെത്തുന്നത് (1രാജാ 19:8).
8. യേശു ഉത്ഥാനത്തിനുശേഷം 40 ദിവസങ്ങൾ കഴിഞ്ഞാണ് സ്വർഗാരോഹണം ചെയ്യുന്നത് (അപ്പ. പ്രവ. 1:3).


വിഭൂതി ബുധനാഴ്ച ആരംഭിച്ച് വിശുദ്ധവാരത്തിലെ ശനിയാഴ്ച വൈകുന്നേരത്തോടെയാണ് നാല്പതു (40) ദിവസം (Quadragesima) നീളുന്ന തപസ്സുകാലത്തിന്റെ ദൈർഘ്യം. പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്ത പ്രവർത്തനങ്ങളുടേയും ഉപവാസത്തിന്റെയും ദിവസങ്ങളാണ് ഈ 40 ദിവസങ്ങൾ.

**ടീം സ്വസ്തി**

## വരകൾ




ഏദൻ ജിസ്മോൻ IIA




ആൻ മറിയം ഫ്രാൻസിസ് VA

# യഥാർത്ഥമായ ഉപവാസം

(ഫ്രാൻസിസ് പാപ്പായുടെ നോമ്പു
കാല പ്രഭാഷണങ്ങളിൽ നിന്ന്)



നമ്മുടെയൊക്കെ നോമ്പാചരണം ആവർത്തന വിരസവും ഒരു പ്രവാചകദർശന പ്രചോദനത്തേക്കാൾ മാനിക്കേയൻ സിദ്ധാന്തങ്ങളുടെ തലത്തിലേക്ക് പോകുന്നതുമാണോയെന്നും ജാഗരൂകതയോടെ ശ്രദ്ധിക്കണം. "വായ അടച്ചുപിടിക്കുക," കാരണം ഭൗതിക വസ്തുക്കളും ഭക്ഷണവുമെല്ലാം അശുദ്ധമായതെന്നാണ് മാനിക്കേയൻ സിദ്ധാന്തം.

ദൈവം ആഗ്രഹിക്കുന്ന ഉപവാസം നമ്മൾ വർജിക്കുന്ന അപ്പം വിശക്കുന്നവരോടുകൂടി പങ്കുവയ്ക്കുകയും നമുക്ക് അത്യാവശ്യമായതൊക്കെയും മാറ്റിവച്ച് ഒന്നുമില്ലാത്തവർക്കായി പകുത്തുകൊടുക്കുന്നതുമാണ്. എന്തുമാത്രം കാര്യങ്ങളാണ് നമുക്ക് ചെയ്യുവാനുള്ളത്. ജോലിയില്ലാത്തവന് ജോലി നല്കാൻ ശ്രമിക്കാം, ആത്മാവിലും ശരീരത്തിലും രോഗം ബാധിച്ചവനെ ശുശ്രൂഷിക്കാം, മയക്കുമരുന്നിനടിമപ്പെട്ടവന് മോചനം നൽകാം, വീഴ്ചയിലേക്കു നിപതിക്കുന്നവരെ കരകയറ്റാം, അനീതികളെ ചെറുക്കാം, തെരുവിൽ അലയുന്ന കൗമാരങ്ങളെയും പിഞ്ചുകുഞ്ഞുങ്ങളെയും പുനരധിവസിപ്പിക്കാം, ഏകാന്തയിലകപ്പെട്ടവരെ സ്നേഹിക്കാം. ഇതൊക്കെ യഥാർത്ഥ ഉപവാസത്തിന്റെ ഫലങ്ങളാണ്, അല്ലെങ്കിൽ പ്രതിഫലനങ്ങളാണ്.


ഭക്ഷണം കഴിക്കലോ, കഴിക്കാതിരിക്കലോ അല്ല ഉപവാസംകൊണ്ട് അർത്ഥമാക്കുന്നത്. നമ്മൾ എന്ത് ചൈതന്യത്താലാണോ ഭക്ഷിക്കുന്നത് അല്ലെങ്കിൽ ഉപവസിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും യഥാർത്ഥമായ ഉപവാസം. വിശപ്പു സഹിക്കുന്നത് അനുഗ്രഹദായകമാ

ണെങ്കിൽ നമുക്ക് നമ്മെക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. കാരണം ലോകത്തുള്ള സകല വിശപ്പും അനുഗ്രഹദായകമാണല്ലോ. "മറ്റുള്ളവർക്ക് സഹായകപ്രദമല്ലെങ്കിൽ ഒരു സദ്ഗുണപ്രവൃത്തിയും നല്ലതല്ല... എത്രയൊക്കെ ഒരുവൻ ഉപവസിച്ചാലും പരുപരുത്ത നിലത്ത് ഉറങ്ങിയാലും ചാരം ഭക്ഷിച്ചാലും നെടുവീർപ്പോടെ പ്രാർത്ഥിച്ചാലും ഇക്കാര്യങ്ങൾ അന്യന്റെ നന്മയ്ക്കുതകുന്നതല്ലെങ്കിൽ അത് മഹത്തായ കാര്യങ്ങളല്ല" (വി. ജോൺ ക്രിസോസ്റ്റം)

തന്റെ പാരമ്പര്യമനുസരിച്ചുള്ള ഉപവാസം യേശു അനുഷ്ഠിച്ചിരുന്നു. "ഇതാ ഭോജനപ്രിയനും വീഞ്ഞുകുടിയനും ചുങ്കക്കാരുടെയും, പാപികളുടെയും സ്നേഹിതനുമായ മനുഷ്യൻ" (മത്താ. 11:19) എന്നുള്ള വചനങ്ങളിൽ നിന്ന് എല്ലാ തരത്തിലുമുള്ള ആളുകളുമായി യേശു ഇടപഴുകിയിരുന്നുവെന്ന് മനസ്സിലാക്കാം. അടിയുറച്ച തീക്ഷ്ണതയോടും സഹിഷ്ണുതയോടും കൂടി ഉപവസിക്കാനും നമ്മുടെ ജീവിതത്തിൽ യേശുവിന്റെ സത്പ്രവൃത്തികളുടെ സാക്ഷാത്ക്കാരം ദൃശ്യമാക്കാനും നോമ്പുകാലത്ത് നമുക്ക് സാധിക്കണം. അങ്ങനെ നമ്മുടെ ഉപവാസത്തിന് പ്രവാചകപരമായ ഉദ്ദിഷ്ഠഫലങ്ങളും അർത്ഥവും ലഭ്യമാകട്ടെ. നമ്മൾ ഉപവസിക്കുമ്പോൾ അത് മറ്റുള്ളവരുടെ വിശപ്പ് മാറ്റാനുള്ള ഉപവാസമാകണം. 'ഉപവസിക്കുക' എന്നാൽ 'സ്നേഹിക്കുക' എന്നാണർത്ഥം. നാം വലിയ പ്രാധാന്യം നൽകേണ്ട ഒന്നായി ഭക്ഷണത്തെ കാണേണ്ട. ഉപവാസത്തിലൂടെ ഭക്ഷണം നാം നിഷേധിക്കുമ്പോൾ അത് വിശപ്പുള്ള മനുഷ്യന് ഉപകാരപ്രദമായി ഭവിക്കണം. സ്വമനസ്സോടെയുള്ള നമ്മുടെ ഉപവാസം പാവങ്ങളുടെ ഇടയിലുള്ള ദാരിദ്ര്യം കുറയ്ക്കട്ടെ.

നോമ്പുകാലം ആരംഭിക്കുന്ന വേളയിൽ ഈ 40 ദിവസങ്ങൾ അനുഗ്രഹിക്കപ്പെടട്ടെ. നമ്മുടെ ഹൃദയങ്ങളെ ദാരിദ്ര്യത്തിൽ കഴിയുന്നവരുമായി നമ്മുടെ അപ്പവും ജീവിതവും പങ്കുവയ്ക്കാനാവശ്യമായ അരൂപിയിലേക്ക് മാറ്റാൻ നമുക്കു സാധിക്കുമോ...? ഇടയ്ക്കിടയ്ക്ക് ലഭിക്കുന്ന സമ്മാനമല്ല ഉപവാസമെന്നും മറിച്ച് സ്വാതന്ത്ര്യത്തിൽ വളരാനുള്ള ഒരു ക്ഷണമാണിതെന്നും നാം മനസ്സിലാക്കണം. ഏറ്റവും കൂടുതൽ സമ്പത്തുള്ളവനല്ല ഏറ്റവും സന്തോഷവാൻ എന്നും, തനിക്കുള്ള സമ്പത്ത് പങ്കുവയ്ക്കുന്നവനാണ് സന്തോഷവാനായ മനുഷ്യൻ എന്നും നാം അറിയണം. ദൈവത്തിന്റെ സ്വേച്ഛാപരമായ സ്നേഹത്തിലേക്ക്, തന്റെ സമ്പത്ത് പങ്കുവയ്ക്കുന്ന മനുഷ്യൻ എത്തിച്ചേരുമെന്നത് നിസ്തർക്കമായ വസ്തുതയാണ്.

ദൈവം നിങ്ങളെ അനുഗ്രഹിച്ച് വിശുദ്ധമായ നോമ്പാചരണത്തിലൂടെ ദൈവസ്നേഹം മറ്റുള്ളവരിലേക്ക് പകരാനുള്ള കൃപ നൽകട്ടെ.



# അവന്റെ തിരുമുറിവിലേക്ക്...



ഗ്രേസി ലിയോൺസ്

വീണ്ടുമൊരു നോമ്പുകാലത്തിലേക്കു കൂടെ ദൈവം നമ്മുടെ ജീവിതം നീട്ടിത്തന്നിരിക്കുന്നു. എന്തിനു വേണ്ടി എന്ന് നമുക്കു ദൈവത്തോടു ചോദിക്കാം.

കോവിഡ് എന്ന മഹാമാരിയും പ്രകൃതി ദുരന്തങ്ങളുമൊക്കെയായി അനേകർ നമ്മുടെ കൺമുന്നിൽ നിന്നും മറഞ്ഞുകൊണ്ടിരിക്കുന്നു.

നമുക്കുചുറ്റും പരിഹരിക്കാനാവാത്ത പ്രശ്നങ്ങളും വിശ്വസിക്കാനാവാത്ത വിധത്തിലുള്ള കുടുംബ ബന്ധ തകർച്ചകളും കൊലപാതകങ്ങളും ആത്മഹത്യകളും, ലൈംഗിക വൈകൃതങ്ങളും എല്ലാത്തരം നാശകരമായ തിന്മകളും വർദ്ധിച്ചുവരുന്നതുകാണുമ്പോൾ നാം ഭയപ്പെടുകയാണ്. ആർക്കും ആരെയും വിശ്വസിപ്പിക്കാനോ, ആശ്വസിപ്പിക്കനോ കഴിയാത്ത വിധം അധ:പതിച്ച ഒരു കാലഘട്ടം സഭയ്ക്കകത്തും പുറത്തുമായി നമ്മൾ അനുഭവിക്കുന്നു.

ദൈവം തന്റെ ആനന്ദത്തിന്റെ നിറവായി-സൃഷ്ടിയുടെ മകുടമായി സൃഷ്ടിച്ച ആദ്യമനുഷ്യർ, സാത്താന്റെ പ്രലോഭനത്തിൽപ്പെട്ട് ദൈവത്തിന്റെ വാക്കുകളേക്കാൾ ലോകസുഖങ്ങൾക്കും സ്വരത്തിനും കാതോർത്തപ്പോൾ അവൻ ദൈവത്തിൽ നിന്നകലെയായി. പ്രകൃതിയും മനുഷ്യരും സകലസൃഷ്ടികളും അവനെതിരായി. ഇന്നും നമുക്കു സംഭവിക്കുന്നതും അതുതന്നെ.

ദൈവം നമുക്കു നല്കിയ കല്പനകളും നിയമങ്ങളുമാകുന്ന "വചനം" നമുക്കു ചുറ്റുമുള്ള സംരക്ഷണ വേലിയാണ്. നാം ദൈവവചനത്തെ ധിക്കരിച്ചതുമൂലം ദുഷ്ടനു നമ്മുടെ ജീവിതത്തിൽ കടന്നുവാരാനുള്ള വഴി തുറന്നു. ഇന്നു നമ്മൾ അനുഭവിക്കുന്ന എല്ലാ തകർച്ചകൾക്കും കാരണമിതുതന്നെ.

യേശുനാഥൻ തന്റെ വീണ്ടും വരവിനെക്കുറിച്ച് പഠിപ്പിച്ചതുപോലെ ആ നാളുകളിൽ ജനത ഉണ്ടായിട്ട് ഇന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഉഗ്രപീ

ഢനങ്ങളുണ്ടാകും (മത്താ 24/21). ഈ ഒരു കാലഘട്ടത്തിൽ നമ്മൾ എത്തിയിരിക്കുന്നുവെന്ന് ലോകം തന്നെ തെളിവു നൽകുന്നു. എന്നാൽ കാലത്തിന്റെ ഈ അടയാളങ്ങൾ മനസ്സിലാക്കാതെ സാത്താന്റെ ദുഷ്ടഭരണത്തിനടിപ്പെട്ട് വലയുന്ന തന്റെ മക്കളെ തന്റെ കരുണനിറഞ്ഞ സ്നേഹത്തിലേക്ക് തിരിയെ കൊണ്ടുവരുവാൻ തന്റെ ഏകപുത്രനെ ബലിയായി നല്കി.

നമ്മുടെ പാപപരിഹാരത്തിനായി യേശുനാഥൻ അനുഭവിച്ച പീഢകൾ നാം അറിഞ്ഞിട്ടുള്ളതിനേക്കാളൊക്കെ ഭയാനകമാണ് എന്ന് അനേകം വിശുദ്ധരിലൂടെ ഈശോ വെളിപ്പെടുത്തിയിട്ടുണ്ട്. റോമായിലെ ക്ലാരിസ്റ്റ് സഭാംഗമായിരുന്ന വി. മാഗ്ദലിന് ഈശോ മരിക്കുന്നതിന്റെ തലേന്ന് അനുഭവിച്ച 15 രഹസ്യപീഢകളെക്കുറിച്ച് വെളിപ്പെടുത്തിയത് വായിക്കാനിടയായി. ഹൃദയം നുറുങ്ങി വിലപിച്ചുപോയി. "ദൈവം മനുഷ്യനു നല്കിയ സ്നേഹത്തിലെ വില." പകരമായി നമുക്കെന്തു നല്കാനാകും?

ഈ സഹനങ്ങൾക്കെല്ലാം ബലം പകർന്ന്, പതറാതെ ബലിപൂർത്തിയാക്കാൻ സഹായിച്ച - ആ പീഢകളെയെല്ലാം സ്വന്തം ഹൃദയത്തിലേറ്റുവാങ്ങിയ "പരിശുദ്ധ അമ്മ" - ഈശോയുടെ ഹൃദയം കുന്തം കൊണ്ടു പിളർന്നപ്പോഴുള്ള വേദന മാത്രം ഈശോ അനുഭവിച്ചില്ല. കാരണം അവൻ മരിച്ചുകഴിഞ്ഞു എന്നു കണ്ടതിനാൽ പടയാളികളിലൊരുവൻ കുന്തം കൊണ്ട് അവന്റെ പാർശ്വത്തിൽ കുത്തി. അവിടെ നിന്നും അവസാനതുള്ളി രക്തവും ജലവും നമുക്കായൊഴുക്കി - കരുണയുടെ കവാടം തുറന്നു. അപ്പോൾ തകർക്കപ്പെട്ടത് പരിശുദ്ധ അമ്മയുടെ ഹൃദയമായിരുന്നു. ആ ഹൃദയം തകർന്നൊഴുകുന്ന രക്തക്കണ്ണീരൊഴുക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അമ്മ സന്ദേശങ്ങൾ നല്കിക്കൊണ്ട് സകല ജനതയെയും സ്നേഹപിതാവായ ദൈവകരുണയിലേക്കു തിരിച്ചുവരാനും ദുഷ്ടന്റെ നാശകരമായ പ്രലോഭനങ്ങളെ തിരിച്ചറിയാനും ആഹ്വാനം ചെയ്യുന്നു.

ഹെ : 12/10 : ദൈവം നമ്മെ പരിശീലിപ്പിക്കുന്നത് നമ്മുടെ നന്മയ്ക്കും തന്റെ പരിശുദ്ധിയിൽ പങ്കുകാരാകേണ്ടതിനുമാണ്. നമ്മുടെ പിതാവു പരിശുദ്ധനായിരിക്കുന്നതുപോലെ നാമും പരിശുദ്ധരാകേണ്ടതിനു തന്നെ 1 പത്രോ. 1/16. അതിനാൽ നമ്മുടെ സഹനങ്ങൾ - മുറിവുകൾ - അവന്റെ തിരുമുറിവിലേക്കു സമർപ്പിക്കാനൊരുങ്ങാം. അവന്റെ മുറിവിനാൽ നാം സൗഖ്യമുള്ളവരാകും മോചിതരാകും.

ആഴമായ അനുതാപത്തോടും പൂർണ്ണ ഹൃദയത്തോടും അവിടുത്തെ സ്നേഹത്തിലേക്ക് - പരിശുദ്ധിയിലേക്ക് നമ്മെ ചേർക്കണെയെന്ന് പരിശുദ്ധ അമ്മയോടു നമുക്കു പ്രാർത്ഥിക്കാം.

"പരിശുദ്ധ കന്യാമറിയമേ ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമേ."

ആമ്മേൻ.


Congratulations
30/01/2023
Bentila Correya
&
Kiran


Congratulations
23/01/2023
Vinil Vincent
&
Asimuth Jyothi Johny

# Baptism
05/02/2023



## Adam Keinan Enosh
S/o Enosh Johnson & Siya Job
Tholattu House



# Baptism
05/02/2023

## Zain Antony
S/o Antony M.J & Jeny Remold
Mulakkal House, Guruvayoor




ALL KIND OF DRESSES ARE AVAILABLE IN READY MADES


Congratulations
29/01/2023
Binil Paster
&
Mariya Joseph


Congratulations
28/12/2022
Mehul Xavier
&
Binju Paster



# വിശുദ്ധ യൗസേപ്പ്

ആഗോള കത്തോലിക്ക സഭ, യൗസേപ്പ് പിതാവിന്റെ ആദര ണാർത്ഥം രണ്ട് വലിയ തിരുനാളു കൾ ആഘോഷിക്കപ്പെടുന്നു. ഒന്നാമത്തേത് മാർച്ച് 19നാണ്. ഈ ദിവസത്തെ തിരുനാളിൽ മനുഷ്യ വംശത്തിന്റെ വീണ്ടെടുപ്പ് പ്രക്രിയ യിൽ വിശുദ്ധനുള്ള പങ്കിനെപ്പറ്റി നാം അനുസ്മരിക്കുന്നു. മെയ് 1-ന് ആഘോഷിക്കപ്പെടുന്ന രണ്ടാ മത്തെ തിരുനാളിൽ ലോകം മുഴുവനുമുള്ള തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പിതാവിനെ അനുസ്മരിക്കുകയും, സാമൂഹ്യ വ്യവസ്ഥതിയിൽ മാനുഷിക അവകാശങ്ങളെയും, കടമകളെയും പക്ഷപാതരഹിതമായ രീതിയിൽ നിലനിർത്തുവാൻ വേണ്ടി അദ്ദേഹ ത്തോട് മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു. ആഗോള സഭയുടെ മദ്ധ്യസ്ഥനാണ് വിശുദ്ധ യൗസേപ്പ് പിതാവ്. അദ്ദേഹം മരിക്കുമ്പോൾ യേശുവും, മറിയവും മരണകിടക്ക യുടെ സമീപത്ത് ഉണ്ടായിരുന്നതി നാൽ മരണശയ്യയിൽ കിടക്കുന്ന വരുടെ മദ്ധ്യസ്ഥനുമാണ് വിശുദ്ധ യൗസേപ്പ്. കൂടാതെ പിതാക്കൻമാരു ടേയും, മരപ്പണിക്കാരുടേയും, സാമൂഹ്യനീതിയുടേയും മദ്ധ്യസ്ഥ നായി അദ്ദേഹത്തെ കണക്കാക്കുന്നു. വിശുദ്ധ യൗസേപ്പിന്റെ നാമധേയ ത്തിൽ നിരവധി സന്യാസീ സന്യാ സിനീ സമൂഹങ്ങളുണ്ട്.

നമ്മുടെ ഇടവകയിൽ മാർച്ച് 19-ന് ദിവ്യബലി, നേർച്ച സദ്യ എന്നിവയോടുകൂടി വിശുദ്ധന്റെ മരണതിരുനാൾ ആഘോഷിക്കുന്നു.

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.

# തിരുബാലസഖ്യം




**ബാ**ലനായ ഈശോയുടെ കുടക്കീഴിൽ അണിനിരക്കുന്ന കത്തോലിക്കാ ബാലികാ ബാലന്മാരുടെ അഖിലലോക സംഘടനയാണ് 1843ൽ ഫ്രാൻസിൽ ആരംഭിച്ച തിരുബാല സഖ്യം. ഈ സംഘടനയുടെ രണ്ട് ഉപമദ്ധ്യസ്ഥരിൽ ഒരാൾ വിശുദ്ധ യൗസേപ്പിതാവാണ്.

ഈശോയെ അറിഞ്ഞ്, കൂടുതൽ സ്നേഹിച്ച് പ്രാർത്ഥിച്ച് നന്മ ചെയ്ത് വിശുദ്ധിയിൽ വളരുക എന്നതാണ് ഈ കൊച്ചു സംഘടനയുടെ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തിയാക്കാൻ കുഞ്ഞുങ്ങളെ ഏറ്റവും നല്ല രീതിയിൽ സഹായിക്കാൻ കഴിയുന്ന വ്യക്തിയാണ് വിശുദ്ധ യൗസേപ്പിതാവ്. ഈശോയെ പരിധികളില്ലാതെ സ്നേഹിച്ച യൗസേപ്പിതാവിന്റെ ഹൃദയം കുട്ടികളോടുള്ള വാത്സല്യത്താലും സ്നേഹത്താലും നിറഞ്ഞിരിക്കുന്നു. യൗസേപ്പിതാവ് കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു കാരണം അവർ ഉണ്ണീശോയുടെ സഹോദരി സഹോദരന്മാരാണ്. അവരിൽ ഉണ്ണീശോയുടെ മുഖം കാണാൻ അവനു സാധിക്കുന്നു.

ശിശുക്കളോടു കേവലം സ്നേഹം പ്രകടിപ്പിക്കുക മാത്രം ചെയ്യുന്ന പിതാവല്ല യൗസേപ്പ്, അവരെ സഹായിക്കാനും ശുശ്രൂഷിക്കുവാനും അവൻ സദാ തൽപ്പരനാണ്. യൗസേപ്പിതാവ് കുട്ടികളുടെ സംരക്ഷകനാകയാൽ സ്വർഗ്ഗത്തിൽ നിന്നു അവിടുന്ന് ജാഗ്രതയോടെ അവരെ വീക്ഷിക്കുകയും തക്ക സമയത്ത് സഹായമായി വരുകയും ചെയ്യും. നമ്മുടെ ഇടവകയിലും തിരുബാലസംഖ്യം മാതൃകാപരമായി പ്രവർത്തിക്കുന്നു.



# കൊടുക്കുന്നതാണ് വാങ്ങുന്നതിനേക്കാൾ ശ്രേഷ്ഠം

**കൊ**ടുക്കാൻ മനസ്സുള്ളവർ വളരെ ദുർബലമായേ ലോകത്തുള്ളൂ. അതിൽതന്നെ യഥാർത്ഥമായി ദാനം ചെയ്യുന്നത് വളരെ കുറച്ചുപേർ മാത്രമാണ്.

ഒന്നും തിരിച്ചുകിട്ടാൻ ആഗ്രഹമില്ലാതെ കൊടുക്കാൻ കഴിയുന്നതാണ് ദാനം. അതുകൊണ്ടാണ് ദാനം ഇത്രയും ദുഷ്കരമായുള്ളത്.

പാവങ്ങൾക്ക് കൊടുക്കുന്നതു മാത്രമാണ് ദാനം. ബാക്കിയൊക്കെ കടം കൊടുക്കലാണ് എന്നു പറയുന്നത് അതുകൊണ്ടാണ്.

കൊടുത്തവന്, ഞാൻ കൊടുത്തതുകൊണ്ടാണ് അയാൾക്ക് അത് ഉപകാരപ്പെട്ടത്. അതുകൊണ്ട് ഞാൻ ചെയ്ത ഉപകാരം ഒരിക്കലും അയാൾ മറക്കാൻ പാടില്ല എന്നോ, അല്ലെങ്കിൽ ഏതെങ്കിലും കാലത്ത് എനിക്ക് ഒരു ആപത്തു വരുമ്പോൾ എന്നെ സഹായിക്കാൻ അയാൾ തയ്യാറാവണം എന്നോ, അല്ലെങ്കിൽ എപ്പോഴൊക്കെ അയാൾ എന്നെ കാണുന്നുവോ, അപ്പോഴൊക്കെ പുഞ്ചിരിക്കണം എന്നും സൗഹൃദത്തോടെ സംസാരിക്കണം എന്നും ദാസ്യമനോഭാവത്തോടെ അയാൾ ഓച്ഛാനിച്ചു നിൽക്കണമെന്നോ, അതല്ലെങ്കിൽ താൻ കൊടുത്ത പണം കൊണ്ട് എന്റെയോ, എന്റെ കുടുംബത്തിന്റെയോ പേര് ആലേഖനം ചെയ്ത്, നാലാൾ കാണത്തക്കവണ്ണം പ്രദർശിപ്പിക്കണം എന്നു വിചാരിക്കുന്നവർ ദാനികൾ അല്ല. അവർ നേരത്തേ സൂചിപ്പിച്ചതുപോലെ കടം കൊടുത്തവർ ആണ്.

ഉപകാരം ചെയ്തും കൊടുത്തത് അപ്പോൾതന്നെ വിസ്മരിക്കുകയും ആരെങ്കിലും നമുക്ക് ഒരു ഉപകാരം ചെയ്താൽ വിസ്മരിക്കാതെ ഇരിക്കുന്നവനുമാണ് ധർമ്മിഷ്ഠൻ. അത്തരക്കാർ മാത്രമാണ് ദാനം വാങ്ങുന്നവരെക്കാൾ ശ്രേഷ്ഠരായവർ.

# വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ





ഇടവക വികാരി
റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.
കൊടി ഉയർത്തുന്നു.

ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ വിശുദ്ധന്റെ കപ്പേളയിൽ 2023 ജനുവരി 20, 21, 22 തീയതികളിൽ 335 പ്രസുദേന്തിമാരുടെ നേതൃത്വത്തിൽ ഭക്തിപൂർവ്വം ആഘോഷിച്ചു. പ്രസുദേന്തിയായി ഏബൽ സജി വെട്ടുതോട്ടുങ്കലിനെ തെരഞ്ഞെടുത്തു. ജനുവരി 20-ന് വൈകിട്ട് 6.00ന് ഇടവക വികാരി റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. കൊടി ഉയർത്തി. തുടർന്ന്, റവ. ഫാദർ ജോൺ ജോസഫ് ഒ.സി.ഡി. ദിവ്യബലിയർപ്പിച്ചു. കുർബാനയ്ക്കുശേഷം കുടുംബ യൂണിറ്റുകളിലേക്ക് അമ്പ് എഴുന്നള്ളിപ്പ് നടന്നു. ജനുവരി 21-ന് വൈകിട്ട് 6.00ന് റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി. ദിവ്യബലി അർപ്പിച്ചു. തുടർന്ന്, പ്രദക്ഷിണവും നടത്തി. ജനുവരി 22 രാവിലെ 9.30ന് റവ. ഫാ. ജോർജ്ജ് കുറുപ്പത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ ദിവ്യബലി. വൈകിട്ട് 6.00ന് കപ്പേളയിലെ പ്രീസ്റ്റ്-ഇൻ ചാർജ്ജ് റവ. ഫാ. ആന്റണി കവുങ്ങുവളപ്പിൽ ഒ.സി.ഡി. കൊടിയിറക്കം നടത്തി. 7 മണിക്ക് പ്രദേശ വാസികൾ അവതരിപ്പിച്ച കലാസന്ധ്യയും ഉണ്ടായിരുന്നു. വിശുദ്ധന്റെ മാദ്ധ്യസ്ഥം വഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കാനും ധാരാളമായി ദൈവാനുഗ്രഹം നേടുവാനും എല്ലാവർക്കും സാധിച്ചതിന് ദൈവത്തിന് നന്ദി.

# ഇടവക വാർത്തകൾ

## വിഭൂതി ബുധൻ

നോമ്പുകാലാചരണത്തിന് ആരംഭം കുറിച്ചുകൊണ്ട് ഫെബ്രുവരി 22 വിഭൂതി ബുധൻ ആചരിച്ചു. ഇടവക ദേവാലയത്തിൽ രാവിലെ 6നും 7.30നും ഫാത്തിമാ മാതാ ചാപ്പലിൽ ദിവ്യബലി രാവിലെ 6.15നും ദിവ്യ ബലി ഉണ്ടായിരുന്നു.





## "അഭിഷേക നിറവ്" പ്രാർത്ഥന കൂട്ടായ്മ സംഗമം

ഇടവകയോടൊപ്പം കേരള കാത്തലിക് കരിസ്മാറ്റിക്ക് (KCSC) കളമശ്ശേരി സബ് സോണിന്റെ നേതൃത്വത്തിൽ "അഭിഷേക നിറവ്" പ്രാർത്ഥന കൂട്ടായ്മ സംഗമം 2023 ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 5 മണിവരെ മഞ്ഞുമ്മൽ ഇടവക ദേവാലയത്തിൽ വച്ച് നടത്തി. ബ്രദർ ബോണി ചെല്ലാനം ക്ലാസ് നയിച്ചു. റവ. ഡോ. നോബിൾ മണ്ണാറത്ത് CMF ദിവ്യകാരുണ്യ ആരാധന സന്ദേശം നൽകി.







# വി. യൗസേപ്പിതാവിന്റെ തിരുനാൾ കമ്മിറ്റി

മാർച്ച് 19 വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷമായി നടത്തുന്നതിലേക്ക് കമ്മിറ്റി രൂപീകരിച്ചു.

| | | |
|---|---|---|
| കൺവീനർ | : | ജോജോ മൂഞ്ഞപ്പിള്ളി |
| ജോ. കൺവീനർ | : | നിക്സൺ റോഡ്രിക്സ് |
| സെക്രട്ടറി | : | നോർബിൻ റിബേര |
| ജോ. സെക്രട്ടറി | : | ജിനി ബാറ്റൺ |
| ട്രഷറർ | : | ബിനു ജോസഫ് |

**കമ്മിറ്റി അംഗങ്ങൾ :** അജി ഉഴുന്നുംകാട്ടിൽ, ജോർജ് പാളയത്തിൽ, ജോൺസൺ ഉഴുന്നുംകാട്ടിൽ, ജോമോൻ സെബാസ്റ്റ്യൻ, ജോണി പാലക്കത്തറ, ജോബ് വെള്ളേപ്പറമ്പിൽ, ബെന്നി സേവ്യർ, ജോസി പുനത്തിൽ, ആന്റണി കൈനാട്ടംപിള്ളി, ജൂഡ് വാവുണ്ണിപ്പാടത്ത്, സോഫിയാ സിറിൾ, അനീറ്റ കിരൺ, മിനി അനിൽ, റോജി ജോമോൻ, ഷാനു ഡെൽസൺ, സ്റ്റെല്ല മിൽട്ടൺ സുനു കളത്തിപ്പറമ്പിൽ, ഹേന പാക്സ്.

## തെരഞ്ഞെടുപ്പ്

ഫെബ്രുവരി 12-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് യൂണിറ്റുകളിൽ നിന്നും ബ്ലോക്കിലേക്കുള്ള തെരഞ്ഞെടുപ്പ് എൽ.പി. സ്കൂളിൽ വച്ച് നടത്തുകയുണ്ടായി.

ഫെബ്രുവരി 19-ാം തീയതി രാവിലെ 9 മണിക്കുള്ള ദിവ്യബലിക്കു ശേഷം കാർമ്മൽ ഹാളിൽ വച്ച് കേന്ദ്രനിർവ്വാഹക സമിതി തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി.

## ഇടവക കേന്ദ്രനിർവാഹക സമിതിയിലേക്ക് തെരഞ്ഞെടുത്ത പുതിയ ഭാരവാഹികൾ

**ലീഡർ** : വർഗീസ് പുളിക്കൻ
**സെക്രട്ടറി** : അഡ്വ. ജെഫ്രിൻ മാനുവേൽ
**ട്രഷറർ** : ജിനി ബാറ്റൺ

**അജപാലനശുശ്രൂഷ കോ. ഓഡിനേറ്റർ :** ബെനഡിക്ട് K J
**കുടുംബ പ്രേഷിത ശുശ്രൂഷ കോഡിനേറ്റർ** : അൽഫോൻസ് കരിമ്പുറത്ത്

| | | |
|---|---|---|
| **സാമൂഹ്യ ശുശ്രൂഷ കോഡിനേറ്റർ** | : | നിക്സൺ റോഡ്രിക്സ് |
| **വിദ്യാഭ്യാസ ശുശ്രൂഷ കോഡിനേറ്റർ** | : | അനീറ്റ കിരൺ |
| **യുവജന ശുശ്രൂഷ കോഡിനേറ്റർ** | : | ഷാലിനി ഷാജു |
| **അൽമായ ശുശ്രൂഷ കോഡിനേറ്റർ** | : | ആന്റണി കൈനാട്ടംപ്പിള്ളി |
| **അസി. ലീഡർ** | : | ബെനഡിക്ട് K J |
| **ജോ. സെക്രട്ടറി** | : | ഷാലിനി ഷാജു |

**എല്ലാ പുതിയ ഭാരവാഹികൾക്കും**
**ഇടവകയുടെയും സ്വസ്തിയുടെയും അഭിനന്ദനങ്ങൾ!**



2023–2025 കാലയളവിലേക്ക് തെരഞ്ഞെടുക്കപ്പെട്ട
പുതിയ കേന്ദ്രനിർവ്വാഹക സമിതി വികാരിയച്ചനോടും കൊച്ചച്ചനോടുമൊപ്പം

## ദേവാസ്ത് വിളി



**ജെയിംസ് കൊറയയുടെ നേതൃത്വത്തിലുള്ള ദേവാസ്ത് വിളി അംഗങ്ങൾ വികാരിയച്ചനോടൊപ്പം**

തപസ്സുകാലം ആരംഭിക്കുമ്പോൾ ഈശോയുടെ സഹനത്തെയും മരണത്തെയും നാം ഓർക്കുകയാണ്. ആ ഓർമ്മ നിലനിർത്തി ക്കൊണ്ടുതന്നെ നമുക്കായി ഒരു കൂട്ടം സഹോദരങ്ങൾ രാത്രിയുടെ യാമങ്ങളിൽ പ്രാർത്ഥിക്കുകയാണ്. അവരോടൊപ്പം നമുക്കും 'ദേവാസ്ത് വിളി'പ്രാർത്ഥനയിലേക്ക് പങ്കുചേരാം. അതുവഴി ക്രിസ്തുവിന്റെ പീഡാസഹനത്തിൽ പങ്കുചേർന്നു ഈ നോമ്പുകാലം അനുഗ്രഹപ്രദമാക്കാം.

**അൽമായ കർമ്മലീത്താ മൂന്നാംസഭ മഞ്ഞുമ്മൽ ഇടവക**
**പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - ഫിലോമിന ഹെൻറി മഠത്തിപ്പറമ്പിൽ |
| I<sup>st</sup> കൗൺസിലർ | - സിൽവി ഫ്രാൻസിസ് മഠത്തിപ്പറമ്പിൽ |
| II<sup>nd</sup> കൗൺസിലർ | - ജിമ്മി സ്റ്റാൻലി വയലിത്തറ |
| III<sup>rd</sup> കൗൺസിലർ | - ഫിലോമിന ജോഷി അമ്പലത്തുംപറമ്പിൽ |
| സെക്രട്ടറി | - ഡെൽഫീന ഡിക്രൂസ് മഞ്ചാടിപ്പറമ്പിൽ |
| ട്രഷറർ | - മേഴ്സി ആന്റണി തൈപ്പറമ്പിൽ |
| രൂപീകരണ മേധാവി | - റോസി ജോർജ് കോയ്മക്കാട് |

## യുവജന വാർത്തകൾ

ഇടവക ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന കലാപരിപാടികളിലും കലാകാരന്മാരെ ഒരുക്കുന്നതിലും തുടർന്ന് കലാകാരന്മാരെ ആദരിക്കുന്ന ചടങ്ങിലും തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാ പരിപാടികളിലും യുവജനങ്ങളുടെ സജീവസാന്നിധ്യവും സഹായസഹകരണങ്ങളും ഉണ്ടായിരുന്നു.





## മതബോധന വാർത്തകൾ



മഞ്ഞുമ്മൽ അമലോത്ഭവ മാതാ മതബോധന വിഭാഗത്തിന്റെ വാർഷികാഘോഷം 28 ജനുവരി 2023 ശനിയാഴ്ച നടത്തുകയുണ്ടായി. വൈകുന്നേരം കുട്ടികളുടെ പുഞ്ചിരി മത്സരത്തോടെയും പ്രച്ഛന്നമത്സരത്തോടും കൂടി ആരംഭിച്ച പൊതുയോഗത്തിന് അദ്ധ്യക്ഷത വഹിച്ചത് ഇടവക വികാരി ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. ആണ്. മതബോധന ഹെഡ്മാസ്റ്റർ ആന്റണി രാജു യോഗത്തിന് സ്വാഗതം ആശംസിക്കുകയും വരാപ്പുഴ അതിരൂപത മതബോധന ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ യോഗത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. ഇടവക സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. കേന്ദ്ര സമിതി പ്രസിഡന്റ് വർഗീസ് പുളിക്കൽ, മതബോധന പ്രമോട്ടർ ജോസ് ഡിക്സൻ, പി.ടി.എ. പ്രസിഡന്റ് ബിനു ജോസഫ് എന്നിവർ യോഗത്തിന് ആശംസകൾ സെക്രട്ടറി മനു സിറിൾ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മതബോധന വിഭാഗത്തിലെ കുട്ടികളും അധ്യാപകരും ചേർന്നൊരുക്കിയ കലാപരിപാടികൾ അരങ്ങേറിയ വേദിയിൽ മതബോധനത്തിൽ 25 വർഷം പൂർത്തിയാക്കിയ ലിസ്സി ജസ്റ്റിനെ ആദരിച്ചു. തുടർന്ന്, ഇടവകയിൽ നിന്ന് നിരവധി മേഖലകളിൽ സുപ്രധാന നേട്ടം കൈവരിച്ച യുവപ്രതിഭകളെ ആദരിക്കുകയും ചെയ്തു. അധ്യായന വർഷത്തിൽ വിവിധ മത്സരങ്ങളിലും പരീക്ഷകളിലും പ്രഥമസ്ഥാനം കൈവരിച്ചവർക്ക് ഉപഹാരങ്ങൾ നൽകി അസ്സിസ്റ്റന്റ് എച്ച്.എം. ജോസ് ജെ. പള്ളിക്കത്തയിലിന്റെ കൃതജ്ഞതയോടെ വാർഷികാഘോഷം സമാപിച്ചു.





# തിരുബാലസഖ്യ റാലി നടത്തി

ഫെബ്രുവരി 12 ഞയറാഴ്ച്ച 7.30നുള്ള ദിവ്യബലിയ്ക്ക് ശേഷം ഒന്നു മുതൽ ഏഴു വരെ ഉള്ള മതബോധന ക്ലാസ്സുകളിലെ ഉൾപ്പെടുത്തിക്കൊണ്ടു തിരുബാല സഖ്യ റാലി നടത്തപ്പെട്ടു. തിരുബാല സഖ്യ കോർഡിനേറ്റർ റോസിലി ടീച്ചറിന്റെയും മറ്റ് മതബോധന ആദ്ധ്യപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ വിശുദ്ധരുടെ വേഷത്തിലും ഉണ്ണീശോയുടെ വേഷത്തിലുമൊക്കെയായി കുട്ടികൾ റാലിയിൽ പങ്കെടുത്തു. റാലിക്കു ശേഷം അസി. വികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി.യും, മതബോധന പ്രധാന അദ്ധ്യാപകൻ ആന്റണി രാജുവും കുട്ടികൾക്കു തിരുബാലസഖ്യ ദിനത്തിന്റെ ആശംസ അറിയിച്ചു. ശേഷം എല്ലാവർക്കും മധുരം വിതരണം ചെയ്തു.










## നവാതിഥികൾ

1) **അമേയ ആഷിൽ** D/o കോയ്മക്കാട് ആഷിൽ ആന്റണി & മേരി ലിയ
2) **സെയ്റ ട്രീസ** D/o കളപ്പുരക്കൽ അജിത്ത് കെ. ജോസഫ് & ഷിഫ്ന സെബാസ്റ്റ്യൻ
3) **ലൂക്ക് റഫായേൽ** S/o തേവേലിപ്പറമ്പിൽ സനിൽ ജോർജ്ജ് & മേരി
4) **ലൂക്ക് ആന്റണി** S/o കുരിശിങ്കൽ ലിബിൻ തോമസ് & അന്ന മെബിയ
5) **ആദം കെയ്നാൻ എനോഷ്** S/o തോലാട്ട് എനോഷ് ജോൺസൺ & സിയ ജോബ്
6) **സെയ്ൻ ആന്റണി** S/o മുളയ്ക്കൽ ആന്റണി & ജനി റെമോൾഡ്
7) **എലനോറ കൊറയ** D/o പൂവത്തുംപറമ്പിൽ ജോ കൊറയ & മേരി ജീൻ പ്രകാശ്യ
8) **നീൽ നിഖിൽ വിൻസന്റ്** S/o അന്തിക്കാട് നിഖിൽ വിൻസന്റ് & നിഖില കോര
9) **ഫിദൽ മരിയ സോണി** D/o താമരപ്പറമ്പിൽ സോണി തോമസ് & നവ്യ ബെന്നി

## ഒന്നായവർ



1) ആഞ്ഞിലിക്കാട്ട് **വിനിൽ വിൻസെന്റ്** & ചെട്ടിവീട്ടിൽ **അസിമുത്ത് ജ്യോതി**
2) പള്ളിപ്പറമ്പിൽ **ബിനിൽ മൈക്കിൾ പാസ്റ്റർ** & തടവനാൽ **മരിയ അന്ന ജോസഫ്**

# നിത്യതയിലേക്ക്

അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കികൊണ്ട്
ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി (യോഹ 16:6)



**പി.ജെ. വിൻസെന്റ്**
പുളിക്കൽ



**റ്റി.ഡി. റാഫേൽ**
തെക്കുംപുറത്ത്



**സോണി (വെറോണിക്ക)**
തോട്ടകത്ത്



**ഫിലോമിന**
നെല്ലിപ്പറമ്പിൽ




**മൈക്കിൾ വിൻസെന്റ്**
കൊല്ലംപറമ്പിൽ

Baptism
5/02/2023



**Eleanora Koraya**
D/o Joe Koraya & Jeen Prakashiya
Poovathum Parambil

**GUARDIAN ANGELS' UP SCHOOL**
MANJUMMEL

Contact: 9446062144
Office: 0484 2557140

# LKG, UKG

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

1 മുതൽ 7 വരെ
ഇംഗ്ലീഷ് / മലയാളം മീഡിയം
അഡ്മിഷൻ തുടരുന്നു



# ST. JOSEPH'S HOSPITAL TRUST

"Action with Love is Service
Serving the community since 1888."


PATIENT SAFETY & QUALITY OF CARE – NABH (ENTRY LEVEL) CERTIFIED – PEH-2020-1220

Manjummel P.O, Kochi - 683 501
Ph: 0484 2555344, Mob: 8893247123



## 24 X 7
## CATH LAB FACILITY





**Department of Radiology**
**24 X 7 : 1.5T HD MRI & CT, X-RAY**

## 24 X 7, ICU AMBULANCE, LAB, PHARMACY, ACCIDENT & EMERGENCY CARE

## OUR DEPARTMENTS

- 24 x 7 Emergency Medical services
- Cardiology
- Orthopedics
- Spine surgery
- Plastic Reconstructive Surgery
- Pediatrics & Neonatology
- Internal Medicine / General Medicine
- Dental Services
- Ophthalmology
- (Cataract Surgery)
- General Surgery
- Medical Gastroenterology
- Endoscopy
- Anesthesiology
- Reflexology
- Radiology
- Psychiatry
- ENT
- Audiometry
- Urology
- Obstetrics and Gynecology
- Laparoscopic Surgery
- Physiotherapy
- Rheumatology
- Pulmonology & Respiratory Medicine
- Nephrology
- Dialysis Unit
- Clinical Psychology
- Dermatology
- Neurology
- Acupuncture & Electropathy
- Diabetes Care Clinic
- 24 x 7 Cath Lab Facility

## Department of Gynecology & Obstetrics

"കരുതലോടെ...
മാതൃത്വത്തിലേക്ക്"...






എപ്പോഴുമുണ്ട്
ഏറ്റവും മികച്ച
കരുതൽ

## 24x7 CRITICAL CARE UNIT.
WELL EQUIPPED ICU WITH VENTILATOR SERVICE